All Kerala Press Release 26.11.2018

# റോസ് മേരി ജിജി ലോഗോസ് പ്രതിഭ

കൊച്ചി: കെസിബിസി ബൈബിൾ സൊസൈറ്റിയുടെ സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ റോസ് മേരി ജിജി 2018ലെ ലോഗോസ് പ്രതിഭയായി. 6 പ്രായവിഭാഗങ്ങളിലായി അഞ്ചു ലക്ഷത്തിനാല്പ്പത്തേഴായിരം പേർ പങ്കെടുത്ത മത്സരത്തിനൊടുവിലാണ് കോതമംഗലം രൂപതാംഗമായ റോസ് മേരി ഒന്നാം സ്ഥാനത്തെത്തിയത്. കഴിഞ്ഞ പത്തൊമ്പതു വർഷമായി തുടരുന്ന ലോഗോസ് ക്വിസ് മത്സരത്തിന്റെ ഈ വർഷത്തെ പ്രത്യേകതയായിരുന്നു ബധിരർക്കായുള്ള ടിവി ബൈബിൾക്വസ്. തലശ്ശേരി അതിരൂപതയിൽനിന്നുള്ള പോൾ ഡേവിഡാണ് ഈ വിഭാഗത്തിൽ മികവു തെളിയിച്ചത്. ആഗോളതലത്തിൽ ത്തന്നെ ഏറ്റവും കൂടുതൽപേർ പങ്കെടുക്കുന്ന ഈ വചനോപാസനയിൽ കേരളത്തിൽനിന്നും കേരളത്തിനു പുറത്തുനിന്നുമുള്ള 39 രൂപതകളിൽനിന്ന് 5,46,700 പേർ പങ്കെടുത്തു.
ലോഗോസ് ബൈബിൾ ക്വിസിൽ രൂപതാതല പരീക്ഷകളിൽനിന്ന് ആറു പ്രായ വിഭാഗങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ടവർക്കായി മേഖലാതലങ്ങളിൽ മത്സരം നടത്തി സംസ്ഥാനതല മത്സരത്തിന് അർഹത നേടിയവർക്കായി നവംബർ 22-24 തീയതികളിൽ പാലാരിവട്ടം പിഒസിയിൽ ഗ്രൂപ്പുഫൈനൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഈ ആറു ഗ്രൂപ്പുകളുടെ ഫൈനൽ മത്സരങ്ങളിലെ ഡി വിഭാഗത്തിലെ ഒന്നാം സ്ഥാനക്കാരിയാണ് റോസ് മേരി ജിജി. മറ്റു വിഭാഗങ്ങളിലെ സംസ്ഥാനതല വിജയികളും രൂപതയും: എ- മെറ്റിൽഡ ജോൺസൺ (ഇരിഞ്ഞാലക്കുട), ബി- അന്നു മാത്യൂസ് (പാല), സി- ലിനീന വിബിൻ (തൃശൂർ), ഇ- ജെസ്സി ജോസ് (ചങ്ങനാശ്ശേരി), എഫ്- മേരി പോൾ (പാല). കേരളത്തിനു പുറത്തുനിന്നുള്ളവർക്കുള്ള ഒന്നാം സമ്മാനത്തിന് മാണ്ഡ്യ രൂപതയിലെ നിമ ലിന്റോ അർഹത നേടി.
സമാപന സമ്മേളനത്തിൽ ബൈബിൾകമ്മീഷൻ വൈസ്ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ അബീർ വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. മാനവഹൃദയങ്ങളെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവവചനം അനേകരിൽ എത്തിക്കാൻ ലോഗോസ് ബൈബിൾ ക്വിസിന് സാധിക്കുന്നുവെന്നും ബധിരർക്കായി ലേകത്തിൽത്തന്നെ ആദ്യമായി സംഘടിപ്പിക്കപ്പെട്ട ബൈബിൾ ടിവി ക്വിസിലൂടെ ഏവരും ദൈവത്തിനു പ്രിയപ്പെട്ടവരാണെന്ന സന്ദേശം ഉച്ചത്തിൽ പ്രഘോഷിക്കാനും സാധിച്ചുവെന്നും അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അനുസ്മരിച്ചു.
ഈ സമ്മേളനത്തിൽ മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് അധ്യക്ഷത വഹിച്ചു. ഭിന്നശേഷിക്കാർക്കായി വചനമേഖലയിൽ ബൈബിൾ കമ്മീഷൻ ചെയ്യുന്ന ഭാവനാത്മകമായ പ്രവർത്തനങ്ങളെ അദ്ദേഹം ശ്ലാഘിക്കുകയും ഇവർക്കായി സഭ ചെയ്യുന്ന ശുശ്രൂഷകളെ കൂടുതൽ ശക്തിപ്പെടുത്താൻ ബധിരർക്കായുള്ള ക്വിസ് പോലെയുള്ള സംരംഭങ്ങൾ ഉപകരിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി, വൈസ് ചെയർമാൻ ആന്റണി പാലിമറ്റം എന്നിവർ പ്രസംഗിച്ചു.
ലോഗോസ് പ്രതിഭയ്ക്ക് 25000 രൂപയുടെ പാലയ്ക്കൽ തോമ്മാ മല്പാൻ ക്യാഷ് അവാർഡും തൊടുപുഴ കണ്ടിരിക്കൽ ട്രാവൽസ് സ്പോൺസർ ചെയ്യുന്ന വിശുദ്ധനാടു സന്ദർശനവുമാണു സമ്മാനം. വിവിധ പ്രായവിഭാഗങ്ങളിലെ വിജയികൾക്കും സ്വർണ്ണ മെഡലുകളും ക്യാഷ് അവാർഡുകളും സമ്മാനിച്ചു.

**റവ. ഫാ. ജോൺസൺ പുതുശ്ശേരി**
സെക്രട്ടറി. കെസിബിസി ബൈബിൾ കമ്മീഷൻ

*(പടം... ലോഗോസ്...*
*എറണാകുളം പിഒസിയിൽ നടന്ന കെസിബിസി ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയുടെ സമ്മാനം* ബൈബിൾ കമ്മീഷൻ വൈസ്ചെയർമാൻ *ചെയർമാൻ* ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ അബീർ *നല്കുന്നു.* ബിഷപ്പ് മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്, ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ.ഡോ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി, *റവ.ഫാ. വർഗീസ് വള്ളിക്കാട്ട്, റോസ് മേരി ജിജി, ശ്രീ ആന്റണി പാലിമറ്റം, ജിസ്മോൻ തുടിയംപ്ലാക്കൽ, ജോസഫ് പന്തപ്ലാക്കൽ, മാത്യു കണ്ടിരിക്കൽ, ജോയി പാലയ്ക്കൽ തുടങ്ങിയവർ സമീപം. )*